# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1918** **07.12.2015-ലെ മറുപടിക്ക്**

## കടപ്പത്രത്തിന് റിസർവ് ബാങ്ക് അനുമതി

**ചോദ്യം** **ഉത്തരം**

**ശ്രീമതി. കെ.എസ്. സലീഖ** **ശ്രീ. ഉമ്മൻചാണ്ടി**
**ബഹു. മുഖ്യമന്ത്രി**

| | | |
|---|---|---|
| (എ) | 2015-16 സാമ്പത്തിക വർഷം കടപ്പത്രം വഴി എത്ര കോടി രൂപ കടമെടുക്കുവാനാണ് റിസർവ് ബാങ്ക് അനുമതി നൽകിയിട്ടുള്ളത് ; വ്യക്തമാക്കുമോ ; | കടപ്പത്രം പുറപ്പെടുവിക്കാനുള്ള അനുമതി നൽകുന്നത് കേന്ദ്രസർക്കാരാണ്. 2015-16 സാമ്പത്തിക വർഷത്തെ വായ്പ പരിധിയായ 15605 കോടി രൂപയിൽ (തനി) ആദ്യ മൂന്നു പാദങ്ങളിലായി 11500 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കാനാണ് സംസ്ഥാനത്തിന് അനുമതി ലഭിച്ചിട്ടുള്ളത്. |
| (ബി) | ആയതിൽ നടപ്പു സാമ്പത്തിക വർഷത്തിൽ നാളിതുവരെ എത്രകോടി രൂപ സമാഹരിച്ചു ; വ്യക്തമാക്കുമോ ; | ഇതിൽ 30.11.2015 വരെ 10450 കോടി രൂപ സമാഹരിച്ചു. |
| (സി) | ഇപ്രകാരം കടമെടുക്കുന്ന തുക വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാതെ റവന്യൂ ചെലവുകൾക്കാണോ ഉപയോഗിക്കുന്നത് എന്ന പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | വായ്പ എടുത്ത മുഴുവൻ തുകയും 'Consolidated fund' ൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. 'Consolidated fund'-ൽ മറ്റു വരുമാനങ്ങളും ഉൾപ്പെടുന്നതുകൊണ്ട് വായ്പ എടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ ലോക ബാങ്ക്, എഷ്യൻ വികസന ബാങ്ക്, വിദേശ എജൻസികൾ, മറ്റ് കേന്ദ്ര ഏജൻസികൾ തുടങ്ങിയവകളിൽ നിന്നും എത്ര തുക വായ്പയായി സ്വീകരിച്ചു ; ഏതൊക്കെ ഏജൻസികളിൽ നിന്ന് എത്ര തുക വീതം ; അവയുടെ തിരിച്ചടവ് കാലാവധി തുടങ്ങുന്നതെന്നും പലിശ നിരക്ക് എത്ര ശതമാനമെന്നും സബ്സിഡികൾ ലഭ്യമാണോ എന്നും അറിയിക്കുമോ ? | ഈ സർക്കാർ അധികാരമേറ്റതിനുശേഷം ലോക ബാങ്ക്, എഷ്യൻ വികസന ബാങ്ക്, വിദേശ എജൻസികൾ, മറ്റ് കേന്ദ്ര ഏജൻസികൾ തുടങ്ങിയവയിൽ നിന്നും എടുത്ത വായ്പയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br>ഉന്നത വിദ്യാഭ്യാസ വകുപ്പിലെ അഡിഷണൽ സ്കിൽ അക്വിസിഷൻ പദ്ധതിക്ക് (അസാപ്) 0.10 ശതമാനം സബ്സിഡി ലഭിക്കുന്നുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ

| ക്രമ. നം. | പദ്ധതിയുടെ പേര് | വിദേശ ഏജൻസിയുടെ പേര് | ലഭ്യമായ വായ്പ (തുക ലക്ഷത്തിൽ) | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | 01.07.2011 മുതൽ 31.03.2012 വരെ | 2012-13 | 2013-14 | 2014-15 | 01.04.2015 മുതൽ 31.10.2015 വരെ | ആകെ | തിരിച്ചടവ് കാലാവധി | പലിശനിരക്ക് |
| 1 | നാഷണൽ ഹൈഡ്രോളജി പ്രോജക്ട് -II | ലോകബാങ്ക് | 272.03 | 351.91 | 187.29 | 391.78 | 0 | 1203.01 | 15.03.2010 മുതൽ 30 അർദ്ധവാർഷിക ഗഡുക്കളായി. | വേരിയബിൾ റേറ്റ് ഓഫ് ഇന്ററസ്റ്റ്. |
| 2 | കേരള വാട്ടർ സപ്ലൈ പ്രോജക്ട് -II | ജിക്ക | 14143.42 | 22750.84 | 6.86 | 0 | 0 | 36901.12 | 20.03.2017 മുതൽ 41 അർദ്ധവാർഷിക ഗഡുക്കളായി. | 1.30% |
| 3 | കേരള വാട്ടർ സപ്ലൈ പ്രോജക്ട് -III | ജിക്ക | 972.04 | 5432.61 | 11580.46 | 9431.97 | 3229.61 | 30646.69 | 20.03.2019 മുതൽ 41 അർദ്ധവാർഷിക ഗഡുക്കളായി. | 0.01% |
| 4 | കെ.എൽ.ജി എസ്.ഡി.പി | ലോകബാങ്ക് | 14894.26 | 17534 | 14208.63 | 24310.09 | 0 | 70946.98 | 15.09.2016 മുതൽ 60 അർദ്ധവാർഷിക ഗഡുക്കളായി. | 0.75% |
| 5 | കെ.എസ്.യു.ഡി.പി | ഏഷ്യൻ വികസന ബാങ്ക് | 6137.51 | 8509.31 | 8736.87 | 7666.34 | 3378.18 | 34428.21 | 15.01.2011 മുതൽ 33 അർദ്ധവാർഷിക ഗഡുക്കളായി. | വേരിയബിൾ റേറ്റ് ഓഫ് ഇന്ററസ്റ്റ്. |
| 6 | ഡ്രിപ് | ലോകബാങ്ക് | 0 | 486.17 | 210.22 | 699.97 | 574.69 | 1971.05 | 15.12.2015 മുതൽ 30 അർദ്ധവാർഷിക ഗഡുക്കളായി. | 0.75% |
| 7 | കെ.എസ്.ടി.പി -II, | ലോകബാങ്ക് | 4295.49 | 0 | 2889 | 5497.15 | 8204.94 | 20886.58 | 15.09.2018 മുതൽ 26 അർദ്ധവാർഷിക ഗഡുക്കളായി. | വേരിയബിൾ റേറ്റ് ഓഫ് ഇന്ററസ്റ്റ്. |
| 8 | ജലനിധി -II | ലോകബാങ്ക് | 0 | 164.58 | 1382.22 | 14539.4 | 7571.05 | 23657.25 | 15.06.2017 മുതൽ 26 അർദ്ധവാർഷിക ഗഡുക്കളായി. | 2.00% |
| 9 | അസാപ് | ഏഷ്യൻ വികസന ബാങ്ക് | 0 | 0 | 0 | 12710.26 | 13246.06 | 25956.32 | 01.02.2020 മുതൽ 30 അർദ്ധവാർഷിക ഗഡുക്കളായി. | വേരിയബിൾ റേറ്റ് ഓഫ് ഇന്ററസ്റ്റ്. |
| 10 | ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ | നബാർഡ് | 44230.9 | 41001.69 | 50125 | 55137 | 39399.03 | 229893.62 | വായ്പാ തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞ് അഞ്ച് വർഷത്തിനകം. | വേരിയബിൾ റേറ്റ് ഓഫ് ഇന്ററസ്റ്റ്. |
| | ആകെ | | 84945.65 | 96231.11 | 89326.55 | 130383.96 | 75603.56 | 476490.83 | | |